(ബി) പ്രതിവർഷം ഈ കോഴ്സ് പഠിപ്പിക്കുന്നതിനുവേണ്ടി എത്രലക്ഷം രൂപ ഗവൺമെൻറ് ചെലവാക്കുന്നു;

(സി) കേരള സർക്കാർ പണം മുടക്കി ഈ കോഴ്സ് നടത്തുന്നതു കൊണ്ട് കേരളത്തിലെ ജനങ്ങൾക്ക് ഇതിൻെറ പ്രയോജനം കിട്ടുന്നുണ്ടോ എന്ന് ഗവൺമെൻറ് പരിശോധിച്ചിട്ടുണ്ടോ;

(ഡി) പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സ് നടത്തുന്ന ഏതെല്ലാം ഡിപ്പാർട്ടുമെൻറുകളിൽ പ്രൊഫസർമാർ ഇല്ല. ഇനി ഏതെല്ലാം ഡിപ്പാർട്ടുമെൻറിൽനിന്നും പ്രൊഫസർമാർ പുറത്തുപോകുന്നു എന്നുള്ളത് ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) സർജറി വിഭാഗത്തിലെ പോസ്റ്റ്ഗ്രാഡുവേറ്റ് കോഴ്സ് ഒഴിച്ച് മറ്റു വിഭാഗത്തിലെ പോസ്റ്റ്ഗ്രാഡുവേറ്റ് കോഴ്സുകൾ നിർത്തൽ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഓറൽ സർജറി, പോസ്തറിക്സ്, ഓർത്തോഡോൻഷ്യ, പെരിയോഡോൻഷ്യ, ഓപ്പറേറ്റീവ് ഡൻറിസ്ട്രി എന്നീ വിഷയങ്ങളിൽ ഡൻറൽ കോളേജിൽ പോസ്റ്റ്ഗ്രാഡുവേറ്റ് കോഴ്സുകൾ നടത്തുന്നുണ്ട്.

(ബി) ഏകദേശം 3 ലക്ഷം രൂപയോളം പ്രതിവർഷം ചെലവു വരുന്നുണ്ട്.

(സി) കൂടുതൽ പ്രയോജനം കേരളത്തിലെ ജനങ്ങൾക്കുതന്നെയാണ് ലഭിക്കുന്നത്.

(സി) ഓർത്തോഡോൻഷ്യ വിഭാഗത്തിൽ മാത്രമേ ഇപ്പോൾ പ്രൊഫസർ ഇല്ലാതുള്ളൂ. പകരം നിയമിക്കുവാൻ യോഗ്യതയുള്ള ആളുകൾ ഉണ്ടെങ്കിൽ മാത്രമേ പുറത്തുപോകുവാൻ ഡോക്ടർമാർക്ക് ഇപ്പോൾ അനുവാദം കൊടുക്കുന്നുള്ളൂ.

(ഇ) ഇല്ല.

Lecturer in Child Psychology in Trivandrum Medical College

1334 [2152] ശ്രീ എൻ. കിട്ടപ്പ നാരായണ സ്വാമി : കീഴ്കാണുന്ന വിളക്കുകൾക്കു സുകാതാര മന്ത്രി തയ്യാറാകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ താൽക്കാലികമായി Lecturer in Child Psychology എന്ന പദവിയിൽ ആരെങ്കിലും ജോലി ചെയ്തിരുന്നോ;

(ബി) ഉണ്ടെങ്കിൽ, അപ്രകാരം ജോലി ചെയ്തവർ തൻറെ നിയമനം സ്ഥിരമാക്കണമെന്നുള്ള അപേക്ഷ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഈ അപേക്ഷകൾ പരിഗണിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ, എന്തുകൊണ്ടാണ് അവ നിരസിച്ചത്;

(ഇ) ഈ പദവിയിലേക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തൊക്കെയാണ്; ഈ യോഗ്യതകൾ ഉള്ളവരെ ലഭിക്കാത്തതുകൊണ്ടാണോ ഈ തസ്തിക ഒഴിഞ്ഞുകിടക്കുന്നത്;

(എഫ്) ഈ തസ്തികയിലേക്ക് ഇപ്പോൾ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, എന്നുമുതൽ നിയമിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) രണ്ട് പ്രാവശ്യം.

(സി) ഉണ്ട്.

(ഡി & ഇ) ഈ തസ്തികയിൽ താല്ക്കാലികമായി ജോലി ചെയ്യുന്ന ആരും സമർപ്പിച്ച നിവേദനങ്ങളും തള്ളിക്കളഞ്ഞത് പ്രസ്തുത വ്യക്തിക്ക് ഈ തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യത ഇല്ലെന്നുള്ള കാരണത്താലാണ്.

രോഗിയോട് അപമര്യാദയായി പെരുമാറിയതായി പരാതി

1335 [2153] ശ്രീ. സി. എം. സുന്ദരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. പി. കെ. ആണ്ടവൻ മാസ്റ്റർ (വടക്കശ്ശേരി) യുടെ മകനും അംബുജാക്ഷിയോട് ആലത്തൂർ ആശുപത്രി ഡോക്ടർ ക്രൂരമായും അപമര്യാദയായും പെരുമാറിയത് ഗവൺമെൻറിന്റെ ശ്രദ്ധയിൽ വന്നുവോ;

(ബി) ഡി. എം. ഒ.-യ്ക്ക് നേരിൽ നൽകിയ പരാതിയുടെ അന്വേഷണ തീരുമാനം എന്തായി?

ഉത്തരം

(എ) ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

(ബി) അന്വേഷണത്തിന്റെ ഫലമായി ഡി. എം. ഒ. മെഡിക്കൽ ഓഫീസർക്ക് താക്കീത് നൽകിയിട്ടുണ്ട്.

മെഡിക്കൽ കോളേജുകളിലെ കാർട്ടേഴ്സുകൾ

1336 [2154] ശ്രീ. സി. എം. സുന്ദരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഓരോന്നിലും എ,ബി,സി,ഡി എന്നീ ഓരോ വിഭാഗത്തിലും ഉള്ള കാർട്ടേഴ്സുകൾ എത്ര;

(ബി) എല്ലാവർഷവും പ്രസ്തുത കാർട്ടേഴ്സുകളിൽ അറ്റകുറ്റപ്പണികൾ നടത്താറുണ്ടോ;

(സി) ചില വർഷങ്ങളിൽ സി, ഡി എന്നീ വിഭാഗം കാർട്ടേഴ്സുകളെ അറ്റകുറ്റപ്പണികൾ നടത്തുന്നതിൽനിന്നും ഒഴിവാക്കിയിട്ടുള്ളതായി ഗവൺമെൻറിന് അറിവുണ്ടോ ഇല്ലെങ്കിൽ അന്വേഷിച്ച് വിവരം നൽകുമോ;

(ഡി) 1969 ജനുവരി മുതൽ 1978 ഡിസംബർ അവസാനംവരെയുള്ള ഓരോ വർഷവും അറ്റകുറ്റപ്പണികൾ തീർത്ത വകയിൽ ഓരോ വിഭാഗം കാർട്ടേഴ്സിനുവേണ്ടിയും ചെലവാക്കിയ തുക എത്ര? ഓരോ വർഷവും ലാപ്സാക്കിയ തുകയെത്ര;

(ഇ) ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ അനാസ്ഥ കാരണം ജോലികൾ യഥാസമയം ചെയ്യിപ്പിക്കാൻ കഴിയാതെവരുന്നുണ്ടെന്ന വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly